**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1650** **08-10-2021 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഈ വർഷം പുതിയ കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | 2021-22 അക്കാദമിക വർഷം പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർതലത്തിൽ തീരുമാനിച്ചിട്ടില്ല. |
| (ബി) | മലബാർ മേഖലയിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് അനുഭവപ്പെട്ടുവരുന്ന സീറ്റ് ക്ഷാമം പരിഹരിക്കാൻ എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; | (ബി) | 05.08.2021 ലെ സ.ഉ(സാധാ) 1011/21/ഉ.വി.വ ഉത്തരവ് പ്രകാരം ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ഡിഗ്രിക്ക് പരമാവധി 70 സീറ്റ് എന്ന പരിധിയ്ക്കും പി.ജി ക്കു സയൻസിനു 25 സീറ്റ്, ആർട്സ്, കോമേഴ്സ് എന്നീ വിഷയങ്ങളിൽ 30 സീറ്റ് എന്ന പരിധിയ്ക്കും വിധേയമായി 2021-22 വർഷം സീറ്റ് വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. ആവശ്യമായ പഠന സൗകര്യമുള്ള കോളേജുകളിൽ സീറ്റ് വർദ്ധന വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ വകുപ്പിൽ നിന്നും കോളേജുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ലഭ്യമാക്കിയ സാഹചര്യത്തിൽ കുന്ദമംഗലം ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ ? | (സി) | കുന്ദമംഗലം ഗവ. കോളേജിൽ 2020-21 അദ്ധ്യയനവർഷം Msc Mathematics കോഴ്സ് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ